കേരള സർക്കാർ

സംഗ്രഹം

പഞ്ചായത്ത് ജീവനക്കാര്യം-2014-15 വർഷത്തിൽ സംസ്ഥാന, ജില്ലാ തലങ്ങളിൽ മികച്ച ഗ്രാമപഞ്ചായത്തുകളായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ മികച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി തെരഞ്ഞെടുത്ത്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ(ഇപിബി)വകുപ്പ്

സ.ഉ.(സാധാ)നം. 675/2016/തസ്വഭവ തീയതി, തിരുവനന്തപുരം 18/02/2016.

==========================================================================

പരാമർശം:-1. തദ്ദേശ സ്വയംഭരണ(ഇപിബി) വകുപ്പിന്റെ 06/02/2016-ലെ 7/ഇപിബി1/2016/തസ്വഭവ നമ്പർ സർക്കുലർ.

2. 11/02/2016-ലെ സ.ഉ.(സാധാ)നം. 570/2016/തസ്വഭവ നമ്പർ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 16/02/2016-ലെ ഇ 2-10976/2013 നമ്പർ കത്ത്.

## ഉത്തരവ്

2014-15 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്ത് പരാമർശം (2) പ്രകാരം ഉത്തരവായതായും പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ ടി കാലയളവിൽ സേവനമനുഷ്ഠിച്ചവരും, പരാമർശം (1) ലെ അർഹതാ മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരുമായ സെക്രട്ടറിമാരെ മികച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (3)പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2014-15 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചതിന് സംസ്ഥാന തലത്തിൽ മികച്ച ഗ്രാമപഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ട കൊല്ലം ജില്ലയിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ശ്രീ. എ. നാസറുദ്ദീനെ സംസ്ഥാന തലത്തിൽ മികച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി തെരഞ്ഞെടുത്തും ജില്ലാ തലത്തിൽ മികച്ച ഗ്രാമപഞ്ചായത്തുകളായി തെരഞ്ഞെടുക്കപ്പെട്ട ചുവടെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളുടെ നേരെ പേര് രേഖപ്പെടുത്തിയ സെക്രട്ടറിമാരെ ജില്ലാ തലത്തിൽ മികച്ച സെക്രട്ടറിമാരായി തെരഞ്ഞെടുത്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഗ്രാമപഞ്ചായത്തിന്റെ പേര് | സെക്രട്ടറിയുടെ പേര് |
|---|---|---|---|
| 1 | തിരുവനന്തപുരം | മാണിക്കൽ | എം.പി. പ്രമോദ് |

| | | | |
|---|---|---|---|
| 2 | പത്തനംതിട്ട | തുമ്പമൺ | ജെസി സാമുവൽ |
| 3 | ആലപ്പുഴ | എടത്വ | റ്റി. ഉല്ലാസ് കുമാർ |
| 4 | കോട്ടയം | കരൂർ<br>മുത്തോലി | കെ. ബാബുരാജ്<br>പി.വി. രാജീവ് |
| 5 | എറണാകുളം | പാമ്പാക്കുട | സി.ആർ. കൃഷ്ണകുമാർ |
| 6 | തൃശ്ശൂർ | പൂമംഗലം<br>വടക്കേക്കാട് | സി.എസ്. ഹരി<br>കെ. രവീന്ദ്രൻ |
| 7 | മലപ്പുറം | പൊൻമുണ്ടം | കെ. സദാനന്ദൻ |
| 8 | കോഴിക്കോട് | കായണ്ണ<br>അരിക്കുളം | പി. നാരായണൻ<br>എ. സുധാകരൻ |
| 9 | വയനാട് | വൈത്തിരി | ഡി. ജയമോഹനൻ |
| 10 | കണ്ണൂർ | പെരിങ്ങോം-വയക്കര | ജയസൺ മാത്യു |

മേൽ വിവരിച്ച പ്രകാരം, സംസ്ഥാന-ജില്ലാ തലങ്ങളിൽ മികച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ മികച്ച സെക്രട്ടറിമാർക്ക് 2016-ലെ പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ വെച്ച് മെമന്റോയും സാക്ഷ്യപത്രവും നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ. നന്ദകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. വെബ് & ന്യൂ മീഡിയ, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ